# ഒരു ചെറുകഥയെപ്പറ്റി

സി. ജെ. തോമസ്



ഒരു ചെറുകഥയെപ്പറ്റി
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: David the shepherd boy

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഒരു ചെറുകഥയെപ്പറ്റി

"ഞങ്ങളുടെ വീടിന്റെ തൊട്ടുകിഴക്കേത്ത് ഒരു വലിയ ജന്മിയുടെ മനയാണ്."

നിഷ്കൃഷ്ടമായി വിശകലനം ചെയ്തുനോക്കിയാൽ ഈഡിപ്പസ് കോംപ്ലക്സ് വരെ ചെന്നെത്തുന്ന ഒരു ചെറുകഥയുടെ ആരംഭമാണിത്. ഏതാണ്ട് മണ്ണാങ്കട്ടയും കരിയിലയും കൂടി കാശിക്കുപോയി എന്നതുപോലെ. അത്രയ്ക്കു ലളിതവും ഋജുവും. ഈ സാധാരണതടം കാരൂരിന്റെ സവിശേഷമായ വ്യക്തിമുദ്രയാണ്. മാത്രമല്ല, ഇവിടെ പ്രത്യേകിച്ച് അതിനൊരു ഔചിത്യവുമുണ്ട്. ഗൗരവമായിട്ടൊന്നും പറയുവാൻ ഭാവം അതിലില്ല. എന്നുവെച്ചാൽ ഒരു കുട്ടിയുടെ ശൈലിപോലെ. അതെ, കഥയും അങ്ങനെത്തന്നെയാണ്. ഒരു കുട്ടിയാണു കഥ പറയുന്നത്; അവനൊരിക്കലും മനസ്സിലാക്കാൻ കഴിവില്ലാത്ത ഒരു വിഷയത്തെക്കുറിച്ചാണു കഥ. ആയാസം കൂടാതെ അതങ്ങു പറഞ്ഞുപോവുകയാണ്. അവനു കാര്യമെല്ലാം വ്യക്തമാണ്. അതെഴുതി ഫലിപ്പിക്കാനാണു പ്രയാസം. കാരൂർ ഒരു കുട്ടിയായിരുന്ന കാലം വളരെ പണ്ടാണ്. എങ്കിലും ഒരു ബാലഹൃദയത്തിലേക്ക് ഒതുങ്ങിയിറങ്ങി കഥ പറയാൻ സാധിക്കുന്നതാണ് കാരൂരിന്റെ കലാകൗശലം.

അവൻ പറയുകയാണ്: 'എനിക്കേതാണ്ടു പുരുഷപ്രാപ്തിയായി, അവരൊരന്തർജ്ജനവും.' വ്യാകരണം ഇവിടെ ഒളിച്ചോട്ടം. പക്ഷേ, വ്യാകരണപ്പിശകിൽ നിന്നും കലയുണ്ടാക്കാമെന്നായിരിക്കണം കാരൂരിന്റെ മതം. പ്രത്യക്ഷത്തിൽ പരസ്പരബന്ധമില്ലാത്ത രണ്ടു കാര്യങ്ങളെ ഒരു അർദ്ധവിരാമംകൊണ്ടു കൂട്ടിക്കെട്ടുക; അതുകൊണ്ടു കലയുടെ മൂലതത്ത്വത്തിനെത്തന്നെ കൂട്ടിക്കെട്ടുക. ഇതെല്ലാം കഥ പറയുന്ന ആൾ അറിയാതെ 'യാദൃച്ഛികമായി' സംഭവിക്കുക. അമ്പോ, എന്തൊരു കരവിരുത്!

'പൂവമ്പഴ'ത്തിനുശേഷം അവനെയൊന്നു കാണണം. അവനാണെങ്കിൽ പതിനാലിൽ കൂടിയ പെണ്ണുങ്ങളെയെല്ലാം പുച്ഛമാണ്. ഒന്നു പെറ്റ് കുട്ടി മരിച്ച ഒരന്തർജ്ജനവിധവയ്ക്ക് എന്തെല്ലാം വികാരങ്ങൾ ഉണ്ടാകാമെന്ന് അവനൊരു രൂപവുമില്ല. അവരോടുകിണ്ണാണ്ണം പറഞ്ഞുനില്ക്കുന്നത് അവന്റെ കണ്ണിൽ തീരെ നിരർത്ഥകമാണ്.

'ആ മതിലിന് അവളുടെ അരയോളമേ പൊക്കമുള്ളുവെങ്കിലും അവർ നില്ക്കുന്ന പുരയിടം എന്റെ തലയോളം ഉയർന്നതാണ്.'

വെറും ഒരു ഭൂമിശാസ്ത്രവർണ്ണന. പക്ഷേ, കഥ കുറേക്കൂടി മുന്നോട്ടുപോയി. പു. സാ. യാണെന്ന് ആരും തെറിപറയുകയുമില്ല. പിന്നീട് അവനെ അടുത്തുവിളിച്ച് 'നഗ്നമായ ഒരു കൈ നീട്ടി' നാണയം ഇട്ടുകൊടുക്കുമ്പോൾ നമ്മളിൽ നീതിമാന്മാർക്കെല്ലാം തോന്നും, ആ പയ്യനെ ഒന്നു പുറകോട്ടുവലിക്കാൻ. കാരൂരിന് അങ്ങനെ തോന്നിയതുകൊണ്ടായിരിക്കണം, 'ആ മതിലിൽകൂടി ഒരണ്ണാൻ ഓടിച്ചാടിവന്ന് ഛി ഛി ഛി എന്നു പറഞ്ഞു.'

അവനെ അവർ അഭിനന്ദിച്ചപ്പോൾ അപ്പുവിനു തോന്നുകയാണ്: 'അവരുടെ മകനുണ്ടായിരുന്നെങ്കിൽ ഇതൊക്കെ അറിയാമായിരുന്നേനല്ലോ എന്നു വിഷാദിക്കുകയായിരിക്കണം ആ അമ്മ.'

എന്താ സംശയമുണ്ടോ? ഈ വിഷാദംകൊണ്ടുതന്നെയായിരിക്കും അവർ പിന്നെയും അപ്പുവിനെ വിളിച്ചു നെയ്യപ്പം കൊടുക്കുന്നത്! മാത്രമല്ല, വെറ്റിലമുറുക്കാത്ത ആ അന്തർജ്ജനത്തിന് കുറച്ചു വെറ്റിലമുറുക്കാൻ കൂടിയേ കഴിയൂ. അതിനവൻ മതിലിന്മേൽകൂടി കയറണം. അതു മര്യാദയാണോ? അവനൊരു സംശയം.

'അപ്പുവിനു മര്യാദയൊന്നും നോക്കണ്ട. ഇഷ്ടമുള്ളതിലേ കേറാം. ഇതിലേയിങ്ങു കേറിക്കൊള്ളൂ.'

നല്ല തത്ത്വശാസ്ത്രം! ലോകത്തിലുള്ള സകലതും ചെയ്യാൻ ഒരു പൊതുലൈസൻസ്. പക്ഷേ, അപ്പുവിനു ലൈസൻസുകൊണ്ട് എന്തു ഗുണം?

'അവരൊരു വാഴക്കൂട്ടത്തിൽ നിന്നുകൊണ്ട് ഞാൻ മരത്തിൽ കയറുന്നതു നോക്കി.'

കുറച്ചു കടന്നുപോയില്ലേ എന്ന് ആരും കാരൂരിനോടു ചോദിക്കേണ്ട. നിങ്ങൾ ഭയപ്പെടുന്നതൊന്നും കാരൂർ ഉദ്ദേശിക്കുന്നില്ല:

അന്തർജ്ജനവും. ഒരു 'ഇത്' അത്രയേയുള്ളൂ. നാലുകെട്ടിന്റെ വരാന്തയിലേക്കു വെറ്റില കൊണ്ടുചെല്ലാൻ പറയുമ്പോഴും നാം മൂക്കിൽ വിരൽവെക്കണ്ട. വേണ്ടാത്തതു ചിന്തിക്കുവാൻ നമുക്കുള്ള വാസനയെ ഒന്നു ഇക്കിളിയിട്ടു നമ്മെ നാണിപ്പിക്കുക മാത്രമാണ് കാരൂർ ചെയ്യുന്നത്.

പൂവമ്പഴം പിന്നെയും കിണ്ണാണ്ണം തുടരുകയാണ്. ഇക്കുറി ഒരുകല്ല്യാണത്തെപ്പറ്റി. നോക്കു കുറേ ചോദ്യങ്ങൾ:

'പെണ്ണു മിടുക്കിയാണോ?'

'കണ്ടാൽ നല്ല പെണ്ണാണോ?

'എന്നെക്കാൾ വെളുത്തതാണോ?'

അവന്റെ പ്രായത്തിൽ കവിഞ്ഞ വല്ല വളർച്ചയും അപ്പുവിനുണ്ടെങ്കിൽ അവൻ കേശവന്റെ ഭാര്യ വഴി പൂവമ്പഴത്തിന്റെ പെണ്ണത്വത്തിലെത്തിച്ചേരും. അവരുടെ നാക്കു പിന്നെയും ചിലയ്ക്കുകയാണ്.

'വെള്ളക്കാർക്കങ്ങനെയല്ലപോലും!' എങ്ങനെയല്ല? സ്ത്രീയ്ക്കു വയസ്സു കുറഞ്ഞിരിക്കണമെന്ന നിബന്ധനയാണു ചർച്ചാവിഷയം. സ്ത്രീയ്ക്കു പ്രായം കൂടുതലാകുന്നതിൽ തെറ്റൊന്നുമില്ലെന്ന് നമുക്കു കൂട്ടിച്ചേർക്കാനും അവകാശമുണ്ട്. അതൊന്നും ആ വിധവയ്ക്കു പറഞ്ഞുകൂടാ. പക്ഷേ, സ്വന്തം വേളിയുടെ കാര്യം പറയുന്നതിൽ തെറ്റൊന്നുമില്ലല്ലോ. കണക്കറിയാവുന്ന അപ്പുവിന് കൂട്ടിനോക്കിയാൽ അവർക്കു വയസ്സു മുപ്പത്തിമൂന്നേയായിട്ടുള്ളൂ എന്നു മനസ്സിലാക്കാനുള്ള വകയും അവർ കൊടുക്കുന്നുണ്ട്. പക്ഷേ, അവർക്കു ഗൗരവമായ ലക്ഷ്യമൊന്നുമില്ല. അവർക്കവരുടെ മനസ്സുതന്നെ അറിഞ്ഞുകൂടാ. പക്ഷേ, വർഗ്ഗവാസനകൊണ്ടായിരിക്കാം...

'അവർ മുറിക്കകത്ത് കതകിന്റെ ഒരു പാളിയിൽ മാറിടംകൊള്ളിച്ചു നില്ക്കുകയാണ്. അവരുടെ കഴുത്തിലൊരു മുണ്ടുള്ളതു കയറുപോലെ കിടക്കുകയാണ്.' അതിന്റെ രണ്ടു തലയും പുറകോട്ടായിരുന്നു. അവരുടെ കഴുത്തിൽ താലിയില്ലെന്നുള്ള വസ്തുത മാത്രം മറയ്ക്കാൻ പറ്റിയതായിരുന്നു ആ മുണ്ട്.

ഇത്രയുമാവാമെങ്കിൽ ചക്കിപ്പൂച്ച ആത്തേമ്മാരുടെ കൂടെ രാത്രി കിടക്കുന്നതും പറയാമല്ലോ:

'അവർ എന്റെ നേരെ ഒന്നു നോക്കി. തുളച്ചുകയറുന്ന ഒരു നോട്ടം. അവരുടെ മുഖം കതകിന്റെ മറവിലേക്കു മാറുകയും ചെയ്തു.'

അതിന്റെയെല്ലാം അർത്ഥം അപ്പുവിനു മനസ്സിലാകണമെങ്കിൽ കുറേ വർഷങ്ങളുടെയും ഒരു കൊച്ചു പെൺകുട്ടിയുടേയും സഹായം വേണം. തല്ക്കാലം അവനു വീട്ടിൽ പോകണമെന്നു മാത്രമാണ് തോന്നുന്നത്.

ആ ഗൃഹത്തിൽ ഒരു വിവാഹംകൂടി. പിന്നെയെങ്ങനെയാണു പൂവമ്പഴത്തിനു സുഖക്കേടു വരാതിരിക്കുന്നത്?

പിന്നീട് അപ്പു അവരെ കാണുന്നത് മരണത്തിനുമുമ്പാണ്. മരണത്തെപ്പറ്റിയാണ് അവരുടെ ചിന്ത. എങ്കിലും അവൻ അവരെ 'കുഞ്ഞാത്തോരമ്മാ' എന്നു വിളിക്കുമ്പോൾ അവരതാവർത്തിക്കുന്നു.

പക്ഷേ, കാലം കുറേ കഴിഞ്ഞിരിക്കുന്നു. അപ്പുവിനു ചില സംശയങ്ങളെല്ലാമുണ്ട്. ദാഹിച്ചു വന്ന ആളിന് അവൻ കുടിക്കാൻ കൊടുക്കാതിരുന്നിട്ടുണ്ടോ? അവൻ സ്വയം ചോദിക്കുകയാണ്. അവൻ അവരുടെ സ്ത്രീത്വത്തെ അപമാനിച്ചിട്ടുണ്ടോ? അവന് ഉത്തരം മുട്ടിപ്പോയി. പക്ഷേ, പ്രായമായിട്ടും അക്കഥ മറക്കാൻ കഴിയുന്നില്ല.

ഒരു ചെറുകഥയെപ്പറ്റി ഇത്രയൊക്കെ പറയാനുണ്ടോ? ഉണ്ട്. 'പൂവമ്പഴം' കുറേ വായനക്കാരുടെ തലയ്ക്കുമീതെ പോയേക്കാമെന്നുള്ളതുകൊണ്ടല്ല. അങ്ങനെയെങ്കിൽ ഒരു ടിപ്പണിയാണു വേണ്ടത്. ചെറുകഥയുടെ ആദർശം ഭാവഗീതമായിരിക്കണമെന്നു കാണിക്കാൻവേണ്ടി പറഞ്ഞേ തീരൂ. സംശയമുണ്ടെങ്കിൽ 'പൂവമ്പഴം' വായിച്ചുനോക്കൂ.

ലോകവാണി വാർഷികപ്പതിപ്പ് മെയ് 1950.

സി. ജെ. വിചാരവും വീക്ഷണവും 1985.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ | രൂപ | 238 |
| (119 വീതം ആറു മാസത്തിലൊരിക്കൽ) | | |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014